വഴിവെളിച്ചം

# നമസ്കാരത്തിന്റെ പൂർണത

عن عبادة بن صامت رضي الله عنه، قال: قال رسول الله ﷺ:«إذا توضأ العبد فأحسن الوضوء، ثم قام إلى الصلاة، فأتم ركوعها وسجودها والقراءة فيها، قالت: حفظك الله كما حفظتني! ثم أصعد بها إلى السماء، ولها ضوء ونور، وفتحت لها أبواب السماء، وإذا لم يحسن العبد الوضوء، ولم يتم الركوع والسجود والقراءة، قالت: ضيعك الله كما ضيعتني! ثم أصعد بها إلى السماء، وعليها ظلمة، وغلقت أبواب السماء، ثم تلف كما يلف الثوب الخلق، ثم يضرب بها وجه صاحبها»

**ഉബാദത്തുബ്നു സ്വാമിത്തി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: "ഒരാൾ ശരിയായ രീതിയിൽ അംഗശുദ്ധിവരുത്തുകയും ശേഷം നമസ്കാരത്തിനായി നിൽക്കുകയും അതിലെ റുകൂഅ്, സുജൂദ്, ഖുർആൻപാരായണം എന്നിവ തികവോടെ അനുഷ്ഠിക്കുകയും ചെയ്താൽ ആ നമസ്കാരം അവനോട് പറയും: 'നീ എന്നെ സൂക്ഷിച്ചതുപോലെ അല്ലാഹു നിന്നെയും കാത്തുരക്ഷിക്കട്ടെ!' പിന്നീട് വെളിച്ചവും പ്രകാശവുമായി വാനലോകത്തേക്ക് അതുയർത്തപ്പെടും; ആകാശ കവാടങ്ങൾ അതിനായി തുറക്കപ്പെടും. എന്നാൽ ഒരാൾ പൂർണമായ തോതിൽ അംഗശുദ്ധി വരുത്താതിരിക്കുകയും റുകൂഅ്, സുജൂദ്, ഖുർആൻ പാരായണം തുടങ്ങിയവ തികവോടെ അനുഷ്ഠിക്കാതിരിക്കുകയും ചെയ്താൽ അവന്റെ നമസ്കാരം അവനോട് പറയും: 'എന്നെ നീ പാഴാക്കിക്കളഞ്ഞതുപോലെ അല്ലാഹു നിന്നെയും പാഴാക്കട്ടെ!' തുടർന്ന് കറുത്തിരുണ്ട നിലയിൽ അകാശലോകത്തേക്ക് അത് ഉയർത്തപ്പെടും; ആകാശ കവാടങ്ങൾ അതിന് നേരെ കൊട്ടിയടക്കപ്പെടുന്നതാണ്. പിന്നീട് പഴയ വസ്ത്രം ചുരുട്ടിയെറിയുന്നതു പോലെ നമസ്കാരക്കാരന്റെ മുഖത്തേക്കു തന്നെ ആ നമസ്കാരം വലിച്ചെറിയപ്പെടും."***

**നമസ്കാരം** അല്ലാഹുവുമായി നടത്തുന്ന സ്വകാര്യ സംഭാഷണമാണ്. നിഷ്ഠയോടെയും പൂർണതയോടെയും വേണം അത് നിർവഹിക്കാൻ. അശ്രദ്ധമായ ശരീരചേഷ്ടകളോടും അലസമനസ്സോടും കൂടി നമസ്കാരം അനുഷ്ഠിക്കാൻ പാടില്ലാത്തതാണ്. അങ്ങനെയുള്ള നമസ്കാരം അത് നിർവഹിക്കുന്ന വ്യക്തികൾക്ക് തന്നെ ദോഷമാണ് വരുത്തിവെക്കുക. അല്ലാഹുവിന്റെ കാരുണ്യത്തിന് പകരം അവന്റെ കോപവും അപ്രീതിയുമായിരിക്കും അപ്പോൾ നമസ്കാരക്കാരന് ലഭിക്കുക. ഇക്കാര്യമാണ് ഈ പ്രവാചക വചനം ഓർമിപ്പിക്കുന്നത്.

സർവലോക രക്ഷിതാവിന്റെ മുമ്പിലാണ് താൻ നിൽക്കുന്നതെന്നും തന്റെ കർമങ്ങൾ അവൻ സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നുമുള്ള ഉത്തമ ബോധ്യമാണ് നമസ്കരിക്കുന്നവന് ആദ്യം ഉണ്ടാവേണ്ടത്. അപ്പോൾ മാത്രമേ നമസ്കാരത്തിനായി ചെയ്യുന്ന അംഗശുദ്ധി മുതൽ റുകൂഅ്, സുജൂദ്, ഖുർആൻ പാരായണം തുടങ്ങി സകല കർമങ്ങളും ഭക്തിനിർഭരവും തികവുറ്റതുമായിത്തീരുകയുള്ളൂ.

നബി(സ) പറഞ്ഞു: "നിങ്ങളിൽ ഒരാൾ നമസ്കാരത്തിനായി എഴുന്നേറ്റാൽ തന്റെ നാഥനുമായി സംഭാഷണം നടത്താനാണ് അവൻ എഴുന്നേറ്റ് നിന്നിട്ടുള്ളത്. അതിനാൽ എങ്ങനെയാണ് രക്ഷിതാവുമായി സംഭാഷണം നടത്തുന്നതെന്ന് ഓരോരുത്തനും സ്വയം ആലോചിച്ചുകൊള്ളട്ടെ!" (*മുസ്ലിം* 423, *നസാഈ* 2/119, *ഇബ്നു ഖുസൈമ* 1/241.)

നമസ്കാരത്തിൽ ചെയ്യുന്ന ചെറുതും വലുതുമായ മുഴുവൻ കർമങ്ങളും തികഞ്ഞ മനസ്സാന്നിധ്യത്തോടും പൂർണമായ അച്ചടക്കത്തോടും കൂടിയാണ് നിർവഹിക്കേണ്ടത്; റസൂൽ(സ) ഓർമപ്പെടുത്തുന്നു: "ഒരു മുസ്ലിമിന് നിർബന്ധ നമസ്കാരം ആസന്നമായി. എന്നിട്ടവൻ ഭംഗിയായി വുദുവെടുക്കുകയും നമസ്കാരത്തിലെ ഭക്തിയും റുകൂഉം പൂർണതയോടെ അനുഷ്ഠിക്കുകയും ചെയ്തു. വൻ പാപങ്ങൾ അവൻ പ്രവർത്തിച്ചിട്ടില്ലതാനും. എങ്കിൽ തന്റെ മുൻകഴിഞ്ഞ പാപങ്ങൾക്കെല്ലാം ആ നമസ്കാരം പ്രായശ്ചിത്തമായിത്തീരുന്നതാണ്" (*മുസ്ലിം* 228).

'ആകാശകവാടങ്ങൾ ആ നമസ്കാരങ്ങൾക്കായി തുറക്കപ്പെടുകയില്ല' എന്നാണ് ഹദീസിൽ പറഞ്ഞിട്ടുള്ളത്. പഴന്തുണിയുടെ വിലമാത്രമേ അല്ലാഹുവിന്റെ കണ്ണിൽ അതിനുണ്ടാവുകയുള്ളൂ. പഴയ വസ്ത്രം ചുരുട്ടിയെറിയുന്നതുപോലെ ഉടമസ്ഥന്റെ മുഖത്തേക്കുതന്നെ അത് വലിച്ചെറിയപ്പെടും. എന്നാൽ കർമങ്ങൾ തികവോടെ അനുഷ്ഠിക്കുകയും ഭക്തിയോടെ നിർവഹിക്കുകയും ചെയ്തവന്റെ നമസ്കാരം വെളിച്ചവും പ്രകാശവുമായി വാനലോകത്തേക്ക് ഉയർന്നുപൊങ്ങും. ആകാശകവാടങ്ങൾ അതിനായി മലർക്കെ തുറക്കപ്പെടും. നമസ്കാരക്കാരനുവേണ്ടി അത് അല്ലാഹുവിനോട് ശിപാർശ പറഞ്ഞുകൊണ്ടിരിക്കും.

നമസ്കാരം ഭക്തിനിർഭരമായിത്തീരാൻ നബി(സ) നൽകിയ ഒരു ഉപദേശം ഇങ്ങനെയാണ്: "നിങ്ങളിൽ ഒരാൾ നമസ്കാരത്തിനായി നിന്നാൽ ഐഹിക ലോകത്തുനിന്ന് ഉടൻ വിടപറയുന്നവനെപോലെ നമസ്കരിക്കുക; ഇതിനുശേഷം ഇനിയൊരിക്കലും തനിക്ക് നമസ്കരിക്കാൻ അവസരം ലഭിക്കുകയില്ലെന്ന് അവൻ ഉറച്ചു വിശ്വസിക്കുകയും ചെയ്യുക!" (ദൈലമി-*മുസ്നദ്*, സുയൂത്വി-*ജാമിഉസ്സഗീർ* 716). ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ബൈഹഖി, ത്വയാലീസി, ത്വബ്റാനി, ബസ്സാർ എന്നിവർ ഉദ്ധരിച്ചത്.